# ദനഹാക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

ലൂക്കാ 4,14-30

***ദൈവത്തിന് പ്രീതികരമായ ദിനങ്ങൾ പ്രഖ്യാപിച്ച കർത്താവിനെ നാട്ടുകാർ പുറത്താക്കി! കാരണം, ദൈവത്തിന് പ്രീതികരമായ ദിനങ്ങൾ കള്ളൻമാർക്കും, കവർച്ചക്കാർക്കും അസ്വീകാര്യമായിരുന്നു!***

കർത്താവിന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തെ കുറിച്ചുള്ള വിവരണമാണ് വചനഭാഗത്തിലൂടെ വി. ലൂക്കാ സുവിശേഷകൻ സമ്മാനിക്കുന്നത്. വി.ലൂക്കായുടെ സുവിശേഷം 4,1-13 വരെയുള്ള ഭാഗത്ത് ധ്യാനവിഷയമാക്കുന്നത് മരുഭൂമിയിലെ പരീക്ഷണങ്ങളിൽ ചെകുത്താന്റെ തല തകർത്ത് അവന്റെമേൽ വിജയം വരിക്കുന്ന കർത്താവിനെ കുറിച്ചാണ്. തുടർന്ന്, ആത്മാവിന്റെ ശക്തിയോട് കൂടി ഗലീലിയായിൽ വചനം പഠിപ്പിക്കുന്ന കർത്താവിനെ വചനം പരിചയപ്പെടുത്തുന്നു. അവന്റെ വചനം കേൾക്കുന്ന ജനങ്ങൾ അവന്റെ അറിവിൽ അതിശയപ്പെടുകയും അവനെ പുകഴ്ത്തുകയും ചെയുന്നു. ഇതിനെ തുടർന്നാണ് ക്രിസ്തു താൻ വളർന്ന സ്ഥലമായ നസ്രത്തിലേയ്ക്ക് വരുന്നത്. സ്വാഭാവികമായും സ്വന്തം ജനങ്ങളുടെ ഇടയിൽ അവന്റെ ശുശ്രൂഷ വലിയ വിജയമായിരിക്കും എന്ന് തന്നെ ആരും പ്രതീക്ഷിച്ച് പോകും. പക്ഷെ, മനുഷ്യന്റെ പദ്ധതികൾക്കും സ്വപ്നങ്ങൾക്കും വിപരീതമായവയാണ് ഇവിടെ സംഭവിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ നിറവ് ഈശോയുടെ ജീവിതത്തിന് തെളിച്ചവും വെളിച്ചവും നൽകി. ജീവിതത്തിന് തെളിച്ചവും വെളിച്ചവും ഇല്ലെങ്കിൽ പരിശുദ്ധാത്മാവിന്റെ കുറവ് നാം അനുഭവിക്കുന്നുണ്ട്.

പിശാചിനെ പോലും തോൽപ്പിച്ചവൻ മനുഷ്യരാൽ പരാജിതനാകുന്നു! ക്രിസ്തുവന്റെ പ്രബോധനങ്ങളൽ ചിലത് അവരെ സന്തുഷ്ടരാക്കന്നുണ്ട്. "...എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവൻെറ നാവിൽനിന്നു പുറപ്പെട്ട കൃപാവചസ്സുകേട്ട് അദ്ഭുതപ്പെടുകയും ചെയ്തു" (ലൂക്കാ 4,22). പക്ഷെ, വേറെ ചില വചനങ്ങൾ ജനക്കൂട്ടത്തെ കോപാക്രാന്തരും അക്രമാസക്തരുമാക്കുന്നുണ്ട്. "ഇതു കേട്ടപ്പോൾ സിനഗോഗിൽ ഉണ്ടായിരുന്ന എല്ലാവരും കോപാകുലരായി. അവർ അവനെ പട്ടണത്തിൽനിന്നു പുറത്താക്കുകയും തങ്ങളുടെ പട്ടണം സ്ഥിതിചെയ്യുന്ന മലയുടെ ശൃംഗത്തിൽനിന്നു താഴേക്കു തള്ളിയിടാനായി കൊണ്ടുപോവുകയും ചെയ്തു" (ലൂക്കാ 4,28-29). ക്രിസ്തുവിന്റെ പ്രബോധനങ്ങളും പഠനങ്ങളും ഉൾക്കൊള്ളാൻ സാധിക്കാത്ത ജനത അവനെ ഒഴിവാക്കാനും, നശിപ്പിക്കാനും, ഇല്ലായ്മ ചെയ്യാനും പരിശ്രമിക്കുന്നു. ഇതിന്റെ മദ്ധ്യേ നിന്നും ക്രിസ്തു തന്റെ ആഗമന ഉദ്ദേശം വെളിപ്പെടുത്തുന്നു;

"കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവുംപ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19).

ക്രിസ്തു തന്റെ നയപ്രഖ്യാപനമാണ് ക്രിസ്തു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്ന് സാബത്തുദിവസം യഹൂദരുടെ സിനഗോഗിൽ പ്രവേശിച്ച് എഴുന്നേറ്റുനിന്നുക്കൊണ്ട് വിളബരം ചെയ്യുന്നത്. ക്രിസ്തു തന്റെ ജീവിതത്തെ

വ്യാഖ്യാനിക്കുന്നു. താൻ വന്നിരിക്കുന്നത്, തന്റെ ദൗത്യം നിറഞ്ഞിരിക്കുന്നത് അഞ്ച് കാര്യങ്ങൾക്ക് വേണ്ടിയാണെന്ന് പറഞ്ഞുകൊണ്ട്.

1. ദരിദ്രരെ സുവിശേഷം അറിയിക്കുക
2. ബന്ധിതർക്ക് മോചനം നൽകുക
3. അന്ധർക്ക് കാഴ്ച്ച നൽകുക
4. അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം സമ്മാനിക്കുക
5. കർത്താവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുക.

പക്ഷെ, വിസ്മയം ഇതല്ല. രക്ഷയുടെ ഈ അഞ്ച് സുകൃതങ്ങൾ ജനത്തിന് സമ്മാനിക്കാനുള്ള കാരണം "കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്...." (ലൂക്കാ 4,18) എന്നുള്ളതാണ്. ആത്മാവിനാൽ നിറഞ്ഞവൻ ആത്മാവിന്റെ ഫലങ്ങൾക്കനുസരിച്ച് ജീവിക്കുന്നു.

വിയറ്റ്നാമിന്റെ പ്രസിഡന്റായിരിക്കെ ഹോച്ചിമിൻ ഇന്ത്യയിൽ സന്ദർശനത്തിനെത്തി. എല്ലാ പാർട്ടി നേതാക്കളുടെയും പ്രതിനിധി സംഘങ്ങൾ ഡൽഹിയിൽ അദ്ദേഹത്തെ കാണാൻ ചെന്നു. അവരോട് ഹോച്ചിമിൻ ചോദിച്ചു;

"നിങ്ങളുടെ തൊഴിലെന്താണ്?"

"രാഷ്ട്രീയം" നേതാക്കൾ മറുപടി പറഞ്ഞു.

ഹോച്ചിമിൻ വീണ്ടും ചോദിച്ചു, "മുഖ്യമായും നിങ്ങൾ എന്തിലാണു വ്യാപൃതരായിരിക്കുന്നത്?"

"രാഷ്ട്രീയ പ്രവർത്തനത്തിൽ"

നേതാക്കളുടെ ഈ മറുപടി കേട്ടപ്പോൾ വിയറ്റ്നാം നേതാവ് വീണ്ടും ചോദിച്ചു, "അല്ല, ഞാൻ ചോദിക്കുന്നത് നിങ്ങളുടെ ഉപജീവന മാർഗ്ഗം എന്താണെന്നാണ്?"

ആ ചോദ്യത്തിനു മുമ്പിൽ ലജ്ജയോടെ തല താഴ്ത്താനേ അവർക്ക് കഴിഞ്ഞുള്ളൂ.

അപ്പോൾ ഹോച്ചിമിൻ പറഞ്ഞു, "മുഖ്യമായും ഞാനൊരു കൃഷിക്കാരനാണ്. അതിരാവിലെ എഴുനേറ്റ് ഞാൻ കൃഷിപ്പാടത്ത് പോകുന്നു. ഏതാനും മണിക്കൂർ എന്റെ കൃഷിയിടത്തിൽ പണിയെടുത്ത ശേഷമാണു ഞാൻ പ്രസിഡന്റിന്റെ കർത്തവ്യങ്ങൾ നിർവഹിക്കാൻ ദിവസവും ഓഫീസിലേക്ക് പോകുന്നത്."

അങ്ങനെയുള്ള രാഷ്ട്രീയക്കാരുടെ കാലം ഇന്ത്യയിലും വരുമോ? സ്വന്തം കാര്യങ്ങൾക്ക് പോലും അന്യരുടെ ആശ്രയം തേടുന്ന നമ്മുടെ രാഷ്ട്രീയ ജന്മിമാർക്ക് മാതൃകയാണ് ഈ റഷ്യൻ പ്രസിഡന്റ്. ടാറ്റാ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വർഷങ്ങൾക്ക് മുൻപ് നടത്തിയ പഠനത്തിൽ വെളിപ്പെടുത്തിയത് രാഷ്ട്രീയം ഉപജീവന മാർഗ്ഗമാക്കിയ ആറ് ലക്ഷം പേർ നമ്മുടെ രാജ്യത്ത് ഉണ്ടെന്നാണ്.

നയപ്രഖ്യാപനത്തിലൂടെ ക്രിസ്തു തന്റെ ദൗത്യത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. അവൻ എന്ത് തന്റെ ജീവിതത്തെ കുറിച്ച് നയപ്രഖ്യാപനത്തിലൂടെ വ്യാഖ്യാനിച്ചുവേ, അത് ജീവിതത്തിലൂടെ സാക്ഷാൽകരിച്ചു. ക്രിസ്തുവിന്റെ ജീവിതത്തെ നയിച്ചത് ഈ ദൗത്യബോധവും ദർശനവുമാണ്. അതുകൊണ്ട് തന്നെ അവൻ തന്റെ ജീവിതത്തെ സുകൃതസമ്പന്നമാക്കി. ഇന്ന്, നമ്മുടെ ജീവിതത്തെ സുകൃതസമ്പന്നമാക്കാൻ സാധിക്കുന്നില്ല എങ്കിൽ അതിനുള്ള പ്രധാനകാരണം ജീവിതത്തെ കുറിച്ച് ക്രിസ്തുവിനുണ്ടായിരുന്നതുപോലെയുള്ള കാഴ്ച്ചപ്പാടും തിരിച്ചറിവും ഇല്ല എന്നുള്ളത് തന്നെയാണ്. ഫലമോ, നന്മ ചെയ്യാൻ പോയിട്ട് നന്മ തിരിച്ചറിയാൻ പോലും സാധിക്കാതെ ഈ ഭൂമിയിൽ ഉഴലുകയാണ്.

സമകാലീന മലയാള ചെറുകഥയിലെ ഏറ്റവും പ്രസിധമായ നോവലാണ് എൻ. പ്രഭാകരന്റെ "സ്നേഹം സംസാരിക്കുന്നു" എന്നുള്ളത്. ഭാഷയുടെ ലാളിത്യം കൊണ്ടും ഉൾകാഴ്ചയുടെ സമ്പന്നതകൊണ്ടും അതി സമ്പന്നമാണ് "സ്നേഹം സംസാരിക്കുന്നു"

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ക്രിസ്തു തന്റെ ജീവിതത്തെ കാരുണ്യത്തിന്റെ ചരടിൽ കോർത്തിണക്കുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുക... കാരുണ്യത്തിന്റെ വാഹകരാവുക...

എന്നുള്ള നോവൽ. നോവലിലെ നായകന്റെ പേര്, ജോസഫ് ലോറൻസ് എന്നാണ്. ജോസഫ് ലോറൻസ് പഠനത്തിൽ മിടുക്കനായിരുന്നു. ചെന്ന ഇടങ്ങളിലെല്ലാം ഒന്നാം റാങ്ക് ജോസഫ് ലോറൻസിനാണ്. പക്ഷെ, ജോസഫ് ലോറസിന്റെ വലിയ പ്രത്യേകത എന്നുപറയുന്നത് ഇതൊന്നുമല്ല. ഹൃദയം നിറയെ നന്മ കാത്തുസൂക്ഷിക്കുന്ന വലിയ മനുഷ്യനായിരുന്ന ജോസഫ് ലോറൻസ്. പഠനങ്ങൾക്കെല്ലാം ശേഷം ഡോക്ടറായ ജോസഫ് ലോറൻസ് തിരഞ്ഞെടുത്തത് ആദിവാസികൾക്കിടയിൽ ശുശ്രൂഷ ചെയ്യാനാണ്. കൂട്ടുക്കാരെല്ലാം അൽഭുതപെടുകയാണ് ജോസഫ് ലോറൻസിന്റെ തിരഞ്ഞെടുപ്പിൽ. അവരെല്ലാം പിന്തിരിപ്പിക്കാൻ പരമാവധി പരിശ്രമിക്കുന്നുണ്ട്.

അവസാനം, വീട്ടുക്കാരാലും, കൂട്ടുക്കാരാലും, നാട്ടുക്കാരാലും തിരസ്കൃതനായ ജോസഫ് ലോറൻസ് ആദിവാസി കോളനിയിൽ തന്റെ 'ഡോക്ടർ വാസം' ആരംഭിക്കുകയാണ്. സൗകര്യങ്ങളില്ലാത്ത, ആഢംഭരങ്ങളില്ലാത്ത, എന്തിനേറെ, വെളിച്ചം പോലും കടന്ന് ചെല്ലാൻ സാധിക്കാത്ത ഇടത്ത് ഈ ലോകത്തിനന്റേതായ പ്രലോഭനങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് ധീരമായ് ശുശ്രൂഷ ചെയ്യുന്നു. ഈ വലിയ ശുശ്രൂഷയെ കുറിച്ച്, കഥയിലെ നായകനായ, ജോസഫ് ലോറൻസ് തന്നെ അവസാനം കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്;

"ഭൂമിയുടെ ഈ കോണിൽ ഇപ്പോഴും എന്റെ സഹായം ആവശ്യമുള്ള നിസ്സഹായരായ മനുഷ്യജീവികളുണ്ട്. അവരെ ഞാൻ ഉപേക്ഷിക്കുകയില്ല..."

ജീവിതത്തെകുറിച്ചും ജീവിത ലക്ഷ്യത്തെകുറിച്ചും ബോധ്യവും കാഴ്ച്ചപാടും ഉള്ള ഇത്തരം വ്യക്തികൾ ഇന്ന് സമൂഹത്തിൽ ഇല്ലാ എന്നുള്ളത് വലിയ കുറവ് തന്നെയാണ്. ഈശോ തന്റെ ജീവിതത്തെ കുറിച്ചുള്ള ദാർശനീകത്വം പ്രഖ്യാപിക്കുന്നത് തന്റെ ഗ്രാമവാസികളോടാണ്. അവൻ പങ്കുവച്ചത് അഞ്ച് കാര്യങ്ങൾ. ഈ അഞ്ച് കാരങ്ങളെ ഒരു ചരടാൽ കൂട്ടികെട്ടിയാൽ ആ ചരടിന് നൽകാവുന്ന പേര് "കാരുണ്യം." വേദനിക്കുന്നവരും അടിച്ചമർത്തപ്പെട്ടവരുമായ മനുഷ്യമക്കളോടുള്ള സുവിശേഷ പ്രഘോഷണത്തിന്റെ നേർകാഴ്ച്ചയുടെയും പേര് "കാരുണ്യം" എന്ന് തന്നെയാണ്. എങ്കിൽ, കാരുണ്യവർഷത്തിൽ വീട്ടുക്കാരോടും, കൂട്ടുക്കാരോടും, നാട്ടുക്കാരോടും പ്രഘോഷിക്കുന്ന സുവിശേഷത്തിന്റെ പേര് "കാരുണ്യം" എന്ന് കുറിച്ച് വയ്ക്കാം.

പ്രവചനങ്ങളൊന്നും തിരുത്തപ്പെടുകയില്ല എന്നതിന്റെ നേർകാഴ്ച്ചയാണ് ക്രിസ്തു. കാരണം, ഏശയ പ്രഖ്യാപിച്ചത് നൂറ്റാണ്ടുകൾക്കിപ്പുറം ക്രിസ്തുവിലൂടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്.

***"രണ്ടു കാര്യങ്ങൾ ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു;
മരണംവരെ എനിക്ക് അവ നിഷേധിക്കരുതേ.
അസത്യവും വ്യാജവും എന്നിൽനിന്ന് അകറ്റി നിർത്തണമേ;
ദാരിദ്ര്യമോ സമൃദ്ധിയോ എനിക്ക് തരരുതേ;
ആവശ്യത്തിന് ആഹാരം തന്ന് എന്നെ പോറ്റണമേ"***

സുഭാ 30,7 - 8

ഫാ. ജോബി മേനോത്ത് : +91 944 7777 931